## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T *3189 11.12.2014-ൽ മറുപടിയ്ക്ക്

## മോണോ റെയിൽ പദ്ധതിയുടെ നിലവിലെ അവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.സത്യൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച മോണോ റെയിൽ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വിശദമാക്കാമോ ; | (എ) തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലാണ് മോണോറെയിൽ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്നത്. പദ്ധതികൾക്ക് വേണ്ടി കെ.എം.സി.എൽ. 01.10.2013-ന് ദർഘാസ് ക്ഷണിക്കുകയും, ഒറ്റ സ്ഥാപനം മാത്രമേ താൽപര്യം പ്രകടിപ്പിച്ചുള്ളൂ എന്നതിനാൽ പുനർ ദർഘാസ് വിളിക്കുകയും ചെയ്തു. പുനർ ദർഘാസ് 30.05.2014-ന് തുറന്നെങ്കിലും വീണ്ടും ഒരു ടെണ്ടർ മാത്രമാണ് ലഭിച്ചത്. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് സമർപ്പിച്ച സാങ്കേതിക ദർഘാസ് ഡി.എം.ആർ.സി. വിശദമായി പരിശോധിച്ചതിനുശേഷം സാമ്പത്തിക ദർഘാസ് പരിശോധിച്ചു. ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, പദ്ധതിയുടെ അടങ്കൽ തുകയേക്കാൾ ഭീമമായ തുക രേഖപ്പെടുത്തിയിരുന്നതിനാൽ 28.08.2014-ന് കൂടിയ 10-ാമത് ബോർഡ് യോഗത്തിൽ, ടെണ്ടർ നിരസിക്കുകയും, മോണോറെയിൽ പദ്ധതി ഉപേക്ഷിക്കാനും പകരം മറ്റേതെങ്കിലും മാസ് റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റത്തിനായി 4 ആഴ്ചകള്ളിൽ വിശദ രൂപരേഖ തയ്യാറാക്കി സമർപ്പിക്കാൻ ഡി.എം.ആർ.സി-യെ ചുമതല പ്പെടുത്തുകയും ചെയ്തു. വിശദമായ രൂപരേഖ സമർപ്പിച്ചത് സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി പ്രത്യേകം ഉദ്യോഗസ്ഥൻമാരെ നിയോഗിച്ചിട്ടുണ്ടോ ; ഓഫീസ് തുറന്നിട്ടുണ്ടോ ; പ്രാരംഭ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ; | (ബി) തിരുവനന്തപുരം, കോഴിക്കോട് മോണോ റെയിൽ പദ്ധതികൾക്കുവേണ്ടി കേരള മോണോറെയിൽ കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. മാനേജിംഗ് ഡയറക്ടർ, ചീഫ് ജനറൽ മാനേജർ |

(കൺസ്ട്രക്ഷൻ), പ്രോജക്ട് മാനേജർ (2 തസ്തിക), ലാന്റ് അക്വിസിഷൻ ഓഫീസർ, ഡെപ്യൂട്ടി മാനേജർ (പ്രോജക്ട് കോ-ഓർഡിനേഷൻ) എന്നീ തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് കോർപ്പറേറ്റ് ഓഫീസും, കോഴിക്കോട് പ്രോജക്ട് ഓഫീസും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ സ്വകാര്യ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കും വിവിധ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും കൈവശമുള്ള ഭൂമി പാട്ട വ്യവസ്ഥയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾക്കുമായി ഒരു ലാന്റ് അക്വിസിഷൻ ടീമിനെയും നിയോഗിച്ചിട്ടുണ്ട്.

(സി) മോണോ റെയിൽ പദ്ധതി രാജ്യത്ത് എവിടെയാണ് നടപ്പിലാക്കിയിട്ടുള്ളത് ; ഇത് സംബന്ധിച്ച് പഠന റിപ്പോർട്ട് സമർപ്പിച്ചത് ആരാണ് ; ഏത് ഏജൻസിയാണ്; വിശദമാക്കാമോ ;

(സി) രാജ്യത്ത് മുംബൈ നഗരത്തിലാണ് മോണോ റെയിൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച പഠന റിപ്പോർട്ട് സമർപ്പിച്ചത് Larsen & Tourbo Ltd. (L&T), മലേഷ്യൻ കമ്പനിയായ Scomi Engineering Bhd ഉൾപ്പെട്ട കൺസോർഷ്യം ആണ്.

(ഡി) പ്രസ്തുത പദ്ധതിയുടെ സാങ്കേതിക ഉപദേശങ്ങൾ നൽകി വന്നിരുന്നത് ആരാണ്?

(ഡി) ജനറൽ കൺസൾട്ടന്റായ ഡി.എം.ആർ.സി. യാണ് പദ്ധതിയുടെ സാങ്കേതിക ഉപദേശങ്ങൾ നൽകിവരുന്നത്.

**സെക്ഷൻ ഓഫീസർ**